ട്ട് ആലോചിച്ച് ഇതു് ആവശ്യമുള്ളതാണെന്നു പ്രത്യക്ഷപ്പെട്ടാൽ—ശരിയാണെന്നു കണ്ടാൽ—ആ സംഗതിയിൽ ഗവമ്മെണ്ടു് തീച്ചയായും വേണ്ടതു ചെയ്യുകയും ചെയ്യും

അതിൽ ഒരു സംഗതിമാത്രം ഇവിടെ പറഞ്ഞുകൊള്ളട്ടെ. എന്നാൽ അപ്രകാരം ചെയ്യുന്നതുകൊണ്ടു് ഈ എറണാകുളം മുൻസീഫ് കോടതിയിലുള്ള ഫയലുകൾ എത്രമാത്രം അധീകരിയ്ക്കുവാൻ ഇടയുണ്ടെന്നുള്ളതു് ആലോചിയ്ക്കാനുണ്ടു. അതാണു് ഈ കാര്യത്തിൽ ഗവമ്മെണ്ടു് ആലോചിയ്ക്കാമെന്നു മറുപടി പറഞ്ഞിട്ടുള്ളതു്.

മിസ്റ്റർ കെ. അയ്യപ്പൻ—അധികമാണെന്നുവന്നാൽ—

മിസ്റ്റർ കെ. പി. കണ്ണൻനായർ.—ഫയലുകൾ രണ്ടുദിക്കിലും ഒന്നുപോലെയാണോ അല്ലയോ എന്നുള്ള കാര്യം ആലോചിയ്ക്കേണ്ടതുണ്ടു്, അതിനെക്കുറിച്ചു് അനേഷിച്ചതിനുശേഷമേ തീച്ചപറയാൻ സാധിക്കയുള്ളു. അത്രമാത്രമേ ഇതിലെനിയ്ക്കു പറയുവാനുള്ളു.

ഡെപ്യൂട്ടിപ്രസിഡെണ്ടു്.—മിസ്റ്റർ വള്ളോൻ് എന്തെങ്കിലും പറയാനുണ്ടെങ്കിൽ പറയാം.

മിസ്റ്റർ. കെ. പി. വള്ളോൻ—ഞാൻ മുളവുകാടു് വില്ലേജു നിവാസികളിൽ ഒരുത്തനാണു്. അവിടേയുള്ള ജനങ്ങളുടെ അപേക്ഷപ്രകാരം ആണു് ഞാൻ ഈ കട്ടമോഷൻ കൊണ്ടുവന്നിട്ടുള്ളതു്. ഈ കട്ടമോഷനാലെ താല്പര്യംതന്നെ മുളവുകാട്ടുകാക്കു് കൊച്ചിയിലേക്കു പോകേണ്ടിവരുന്നതിൽ വളരെ നഷ്ടവും ബുദ്ധിമുട്ടമുണ്ടാകുന്നുവെന്നുള്ളതാണു്. മുളവുകാട്ടു നിന്നു കൊച്ചിയിലേക്കു് നേരിട്ടു പോകുവാൻ ഒരു കടത്തില്ല. ഇവിടെ ഇഴവ മെമ്പർ പറഞ്ഞതുപോലെ മുളവുകാട്ടുനിന്നും എറണാകുളത്തു വന്നിട്ടുവേണം കൊച്ചയിലേക്കു പോകുവാൻ. അങ്ങനെ പോകേണ്ടിവരുന്നതുകൊണ്ടു് സാധുജനങ്ങൾക്കു് വളരെ നഷ്ടവും ബുദ്ധിമുട്ടുകളും സഹിക്കാനടവരുന്നുണ്ടു്. അതുകൊണ്ടു് ആ സ്ഥാപനത്തെ എറണാകുളത്തേക്കു് മാറ്റാതിരേണ്ടതു് അത്യാവശ്യമാണു്. ഇങ്ങനെയുള്ള ബുദ്ധിമുട്ടുകൾ അനുഭവിച്ചുകൊണ്ടിരിക്കുന്നവരുടെ ആവശ്യപ്രകാരമാണു് ഞാൻ ഈ കട്ടമോഷൻ ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. എന്നാൽ അതിനെക്കുറിച്ചു ഗവമ്മെണ്ടു് ആലോചിക്കാം എന്നു മറുപടി പറഞ്ഞു. അങ്ങിനെ പറഞ്ഞാൽ ഞാൻ സമ്മതിക്കയില്ല, അതുകൊണ്ടു് ഞാൻ ഇതിനെ പ്രസ്സു ചെയ്യുകതന്നെ ചെയ്യുന്നു.

The motion was put and carried, Government remaining neutral.

The demand minus Rs. 2. was then put and carried.

3. 11—Law and Justice—Cranganur—Rs. 10,142.

Mr. K. P. Kannan Nayar.—Sir, I rise to move that Rs. 10,142 may be voted by this House under Law and Justice, 11—Cranganur.

LIBRARY ARCHIVES Kerala Legislative Assembly